**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1581** **14-12-2012 - ലെ മറുപടിയ്ക്ക്**

# നാളികേരത്തിന്റെ വിലയിടിവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>,, സി. എഫ്. തോമസ്<br>,, റ്റി.യു.കുരുവിള | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) വിലയിടിവ് മൂലം സംസ്ഥാനത്തെ നാളികേര കർഷകർ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്, വിലയിടിവിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്രസംഭരണം കേരളത്തിൽ നടപ്പിലാക്കി വരുന്നു. 2012 സീസണിലേയ്ക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില പദ്ധതി പ്രകാരം മില്ലിംഗ് കൊപ്ര ക്വിന്റലിന് 5100 രൂപയ്ക്കും, ഉണ്ട കൊപ്ര ക്വിന്റലിന് 5350 രൂപയ്ക്കും, പൊതിച്ച നാളികേരം ക്വിന്റലിന് 1400 രൂപയ്ക്കുമാണ് സംഭരണം നടത്തുന്നത്. അതു പ്രകാരം നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ്ഫെഡും മുഖേന കേരളത്തിലെ വയനാടും ഇടുക്കിയും ഒഴിച്ചുള്ള എല്ലാ ജില്ലകളിൽ നിന്നും കൊപ്ര സംഭരിച്ചു വരുന്നു. കേരഫെഡ് 102 സംഘങ്ങൾ മുഖേന കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിന്നും 01-12-12 വരെ 9646.38 ടൺ മില്ലിംഗ് കൊപ്രയും 1.95 ടൺ ഉണ്ട കൊപ്രയും സംഭരിച്ചിട്ടുണ്ട്. മാർക്കറ്റ്ഫെഡ് 48 സംഘങ്ങൾ മുഖേന 01-12-12 വരെ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിന്നും 7922.5 ടൺ കൊപ്രയും സംഭരിച്ചിട്ടുണ്ട്.<br>നാളികേര സംഭരണത്തിൽ സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം നികത്താൻ ചില അധിക ആനുകൂല്യങ്ങൾ നൽകി ഉത്തരവായിട്ടുണ്ട്. സംഘങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | കൊപ്ര സംഭരണത്തിനുപയോഗിക്കുന്ന ചാക്കൊന്നിന് നാഫെഡ് നിശ്ചയിച്ചിരിക്കുന്ന 27 രൂപയ്ക്ക് പുറമെ പത്ത് രൂപ കൂടി അധികമായി നൽകുന്നതിന് സ.ഉ.(എം.എസ്) നം.143/2012/കൃഷി തീയതി:11-06-2012 പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ കൊപ്ര സംഭരിക്കുന്ന എല്ലാ ഏജൻസികൾക്കും 500 രൂപ ഇൻസെന്റീവ് അനുവദിച്ചുകൊണ്ട് സ.ഉ.(എം.എസ്) 279/12/കൃഷി തീയതി 10-12-12 പ്രകാരം ഉത്തരവായിട്ടുണ്ട്. കൃഷി ഭവനുകൾ വഴി പച്ച നാളികേരം സംഭരിക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഇതിനു പുറമെ നാളികേര മൂല്യവർദ്ധനവിലൂടെ കേരമേഖലയ്ക്ക് പുതുജീവൻ നൽകുന്നതിനുവേണ്ടി സംസ്ഥാനത്ത് മൂന്നു കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും 2012-2013 ൽ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയാണ്. കൊപ്രയിലും വെളിച്ചെണ്ണയിലുമായി നാളികേര സംസ്ക്കരണം കേന്ദ്രീകരിക്കാതെ ദേശീയപാനീയമായി പ്രഖ്യാപിച്ചിരിക്കുന്ന ഇളനീരും മറ്റ് ഉൽപന്ന വൈവിദ്ധ്യവൽക്കരണവും മൂല്യവർദ്ധനവുമാണ് നാളികേര ബയോപാർക്കുകളിലൂടെ പ്രാവർത്തികമാക്കുന്നത്. |
| (ബി) | മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊപ്ര സംഭരണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ കേരളത്തിൽ നിന്നും സംഭരിക്കുന്നതിനെക്കാൾ ലാഭകരമാണോയെന്ന് വ്യക്തമാക്കുമോ? | (ബി) | കൊപ്ര സംഭരണ പദ്ധതി പ്രകാരം കേരഫെഡും, മാർക്കറ്റ്ഫെഡും മുഖേന സംസ്ഥാനത്തിനകത്തുള്ള ജില്ലകളിൽ നിന്നുമാണ് കൊപ്ര സംഭരണം നടത്തുന്നത്. പദ്ധതി പ്രകാരം മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ള കൊപ്ര സംഭരിക്കുന്നതല്ല. |

**സെക്ഷൻ ഓഫീസർ**